ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. എല്ലാവർക്കും ഒപ്പം, എല്ലാവരുടെയും വികസനം എന്ന തത്വത്തിലൂന്നി അതിവേഗ വികസനം സാധ്യമാക്കാൻ കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi has said that guided by the principle of Sabka Saath, Sabka Vikas, Sabka Vishwas, Sabka Prayas, the NDA Government has delivered pathbreaking changes.

2. കോഴിക്കോട് തീരത്തിന് സമീപം സിംഗപ്പൂർ ചരക്ക് കപ്പലിന് തീപിടിച്ചു; കോസ്റ്റ് ഗാർഡിൻറെയും, നാവികസേനയുടെയും നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

Singapore Cargo Ship catches fire near Kozhikode Coast; Rescue Operations Underway by Coast Guard and Indian Navy.

3. സൗദി അറേബ്യയിലേക്ക് ഇന്ത്യക്കാർക്ക് യാത്ര വിലക്ക് ഏർപ്പെടുത്തിയെന്ന റിപ്പോർട്ടുകൾ തള്ളി കേന്ദ്രസർക്കാർ.

The government has termed those reports incorrect which mention about putting a bar on Indians travelling to Saudi Arabia.

4. ആക്സിയം-4 ന്റെ വിക്ഷേപണം നാളെ; ദൗത്യത്തിൽ ഇന്ത്യക്കാരനായ ശുഭാംശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശ യാത്രികർ.

Indian astronaut and group captain of the Indian Air Force Shubhanshu Shukla is all set to undertake his first journey to space as part of Space X's Axiom-4 mission tomorrow.

5. **കേരളത്തിൽ വ്യാഴാഴ്ച മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യത; വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**

**Heavy Rain likely in Kerala from Thursday; Orange Alert in Various Districts.**

6. **കാലാവസ്ഥാ പ്രവർത്തക ഗ്രെറ്റ തുൻബെർഗ് ഉൾപ്പെടയുള്ള സന്നദ്ധപ്രവർത്തകരുമായി ഗാസയിലേക്ക് തിരിച്ച കപ്പൽ ഇസ്രായേൽ സൈന്യം പിടിച്ചെടുത്തു.**

**Israel intercepts Gaza-bound aid ship, detaining Greta Thunberg and other prominent activists.**

*******************************************

## PM- 11 YEARS

എല്ലാവർക്കും ഒപ്പം, എല്ലാവരുടെയും വികസനം എന്ന തത്വത്തിലൂന്നി, അതിവേഗ വികസനം സാധ്യമാക്കാൻ സർക്കാരിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

140 കോടി ജനങ്ങളുടെ പങ്കാളിത്തത്തോടെ, കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യം വിവിധ മേഖലകളിൽ വലിയ മാറ്റത്തിന് സാക്ഷ്യം വഹിച്ചതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. സാമ്പത്തിക വളർച്ച മുതൽ സാമൂഹിക ഉന്നമനം വരെ എല്ലാ കാര്യങ്ങളിലും, എല്ലാവരെയും ഉൾകൊള്ളിച്ചുള്ള ജനക്ഷേമ പദ്ധതികളാണ് നടപ്പാക്കിയത്. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ ആത്മവിശ്വാസത്തോടെയാണ് രാജ്യം മുന്നേറുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

*******************************************

## MEA-SAUDI

ഇന്ത്യക്കാർക്ക് സൗദി അറേബ്യയിലേക്ക് യാത്ര ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നത് സംബന്ധിക്കുന്ന റിപ്പോർട്ടുകൾ തള്ളി

കേന്ദ്രസർക്കാർ. ഈ വിഷയത്തിൽ സൗദി സർക്കാർ ഔദ്യോഗികമായി യാതൊരു അറിയിപ്പും നൽകിയിട്ടില്ലെന്ന് സർക്കാർ വൃത്തങ്ങൾ വ്യക്തമാക്കി. ഹജ്ജ് സീസണിലെ തിരക്ക് ഒഴിവാക്കാൻ ഹ്രസ്വകാല വീസകളിൽ താൽക്കാലിക നിയന്ത്രണങ്ങളുണ്ടെന്നും ഹജ്ജ് അവസാനിക്കുന്നതോടെ ഇത് സാധാരണ നിലയിലാകുമെന്നും അധികൃതർ അറിയിച്ചു.

***********************************************

## GOYAL-VISIT

കേന്ദ്രമന്ത്രി പീയൂഷ് ഗോയലിൻറെ സ്വിറ്റ്സർലൻഡ് സ്വീഡൻ സന്ദർശനത്തിന് ഇന്ന് തുടക്കമായി. ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സ്വിറ്റ്സർലൻഡിലെ ആഗോള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായും വ്യവസായ നേതാക്കളുമായും അദ്ദേഹം ചർച്ച നടത്തും. സ്വീഡനിൽ നടക്കുന്ന ഇന്തോ-സ്വീഡിഷ് സംയുക്ത കമ്മീഷന്റെ 21-ാമത് സെഷനിൽ ശ്രീ ഗോയൽ സഹ-അധ്യക്ഷത വഹിക്കും. പ്രധാന യൂറോപ്യൻ രാജ്യങ്ങളുമായുള്ള തന്ത്രപരവും സാമ്പത്തികവുമായ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, വ്യാപാര, നിക്ഷേപ ബന്ധങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും സന്ദർശനം ലക്ഷ്യമിടുന്നു.

***********************************************

## AXIOM-4 MISSION

ചരിത്ര ദൗത്യമായ ആക്സിയം-4 ൻ്റെ വിക്ഷേപണം നാളെ നടക്കും. ഇന്ത്യക്കാരനായ ശുഭാംശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. ഫ്ലോറിഡയിലുള്ള നാസയുടെ കെന്നഡി സ്പേസ് സെൻററിൽ നിന്ന് ഇന്ത്യൻ സമയം വൈകുന്നേരം 5:52 നാണ് യാത്ര ആരംഭിക്കുക. ഇന്ത്യയ്ക്ക് പുറമെ യു.എസ്, പോളണ്ട്, ഹംഗറി

എന്നിവിടങ്ങളിൽ നിന്നുള്ള നാല് ബഹിരാകാശ യാത്രികരും ദൗത്യത്തിലുണ്ട്.

*******************************************

## RAKESH SHARMA (INTRO)

ശുഭാൻശു ശുക്ലയുടെ ബഹിരാകാശ ദൗത്യത്തിന് ആശംസകൾ നേർന്ന് ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശയാത്രികനായ രാകേഷ് ശർമ്മ. മുന്നോട്ടുള്ള യാത്രയ്ക്കായി താൻ കാത്തിരിക്കുകയാണെന്നും ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങളുടെ ശോഭനമായ ഭാവിയിൽ പൂർണ ആത്മവിശ്വാസമുണ്ടെന്നും ആകാശവാണി ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. (ഹോൾഡ്-വോയിസ്)

തന്റെ അസാധാരണമായ ബഹിരാകാശ യാത്രയുടെ അനുഭവങ്ങളും ശ്രീ ശർമ പങ്കുവെച്ചു.

*******************************************

## CEC- SWEDEN

സ്വീഡനിലെ ഇന്ത്യൻ പ്രവാസികളുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ആശയവിനിമയം നടത്തി. നാളെ മുതൽ ഈ മാസം 12 വരെ നടക്കുന്ന ഇന്റർനാഷണൽ ഐഡിയ സ്റ്റോക്ക്ഹോം ഇലക്ടറൽ ഇന്റഗ്രിറ്റി കോൺഫറൻസിൽ പങ്കെടുക്കാനാണ് ശ്രീ ഗ്യാനേഷ് കുമാർ സ്വീഡനിലെത്തിയത്. പ്രവാസി ഇന്ത്യക്കാരും, ഇന്ത്യയിലെ വിദേശ പൗരന്മാരും തമ്മിലുള്ള സമഗ്ര പങ്കാളിത്തത്തിലും പൗര ഇടപെടലിലും തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആശയങ്ങൾ പങ്കുവച്ചു.

*******************************************

## PM-BIRSA MUNDA

ഗോത്ര വിഭാഗത്തിൽ നിന്നുള്ള സ്വാതന്ത്ര്യ സമര നായകൻ ഭഗവാൻ ബിർസ മുണ്ടയുടെ 125-ാം ചരമ വാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

ഭഗവാൻ ബിർസ മുണ്ടയുടെ ചരമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. തന്റെ ജീവിതം ആദിവാസി സഹോദരീ സഹോദരന്മാരുടെ ക്ഷേമത്തിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി സമർപ്പിച്ച വ്യക്തിയായിരുന്നു ബിർസ മുണ്ടയെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

********************************************

## SHAH-11 YEARS OF GOVT

നരേന്ദ്ര മോദി സർക്കാരിന്റെ 11 വർഷത്തെ ഭരണകാലത്ത് രാജ്യം സാമ്പത്തിക പുനരുജ്ജീവനത്തിന്റെയും, സാമൂഹിക നീതിയുടെയും, സാംസ്കാരിക അഭിമാനത്തിന്റെയും, ദേശീയ സുരക്ഷയുടെയും പുതുയുഗത്തിന് സാക്ഷ്യം വഹിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മിനിമം ഗവൺമെന്റ് - മാക്സിമം ഗവേണൻസ് എന്ന സമീപനം രാജ്യത്തിന്റെ വികസനത്തിന്റെ വേഗതയെയും വ്യാപ്തിയെയും മാറ്റിമറിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

********************************************

## COVID

രാജ്യത്ത് കോവിഡ് കേസുകൾ വർധിക്കുന്നു. 6,491 പേർക്ക് നിലവിൽ കോവിഡ് സ്ഥിരീകരിച്ചു. 6,861 പേർ രോഗമുക്തരായി. ഏറ്റവും കൂടുതൽ പേർ ചികിത്സയിലുള്ള, കേരളത്തിൽ 1,957 പേരാണ് നിലവിൽ ചികിത്സയിലുള്ളതെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു.

********************************************

## VN VASAVAN (INTRO)

കൊളംബോയിൽ നിന്ന് മുബൈയിലേക്ക് പോകുകയായിരുന്ന സിംഗപ്പൂർ ചരക്ക് കപ്പലിന്കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ചു. വാൻഹായി 503 എന്ന കപ്പലിലെ 22 തൊഴിലാളികളിൽ നാല് പേരെ കാണാനില്ല. കടലിൽ ചാടിയ 18 ജീവനക്കാരെ രക്ഷപ്പെടുത്തി. പരിക്കേറ്റ 5 പേരിൽ രണ്ട് പേർക്ക് ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്. കോസ്റ്റ് ഗാർഡും, നാവികസേനയും രക്ഷാപ്രവർത്തനം തുടരുകയാണ്. തീ അണയ്ക്കാനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നു. കപ്പലിൽ നിന്ന് വീണ കണ്ടെയ്നറുകളിൽ തീപിടിക്കാൻ സാധ്യതയുള്ള അപകടകരമായ വസ്തുക്കൾ ഉണ്ടെന്നാണ് വിവരം. കപ്പൽ അപകടത്തെ തുടർന്നുള്ള ആഘാതങ്ങളിൽ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി വി.എൻ.വാസവൻ അറിയിച്ചു.

(ഹോൾഡ് - വോയിസ്)

***********************************************

## NILAMBOOR ELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും പ്രചാരണ രംഗത്ത് സജീവമാണ്. നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

***********************************************

## SREECHITRA – EMERGENCY MEETING

തിരുവനന്തപുരം ശ്രീ ചിത്ര ആശുപത്രിയിൽ ചികിത്സാ ഉപകരണങ്ങളുടെ അഭാവം ഉൾപ്പടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ അടിയന്തര യോഗം ചേർന്നു. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, ശ്രീ ചിത്ര ഡയറക്ടർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പ്രശ്നം പരിഹരിച്ചതായി യോഗത്തിന് ശേഷം കേന്ദ്രസഹമന്ത്രി അറിയിച്ചു.

*******************************************

## BHUPENDRA YADAV

ആക്രമണകാരികളായ വന്യമൃഗങ്ങളെ നേരിടാൻ സംസ്ഥാന സർക്കാരിന് അനുയോജ്യമായ നടപടി സ്വീകരിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ഭൂപേന്ദ്രയാദവ്. അടിയന്തര സാഹചര്യത്തിൽ അനുയോജ്യ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും അദ്ദേഹം വ്യക്തമാക്കി. മലപ്പുറത്ത് 15 കാരൻ മരിച്ച സംഭവത്തിൽ സംസ്ഥാന സർക്കാരിനും തദ്ദേശ സ്ഥാപനങ്ങൾക്കും വീഴ്ച പറ്റിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

*******************************************

## KERALA RAIN

കേരളത്തിൽ വ്യാഴാഴ്ച മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ നാളെയും മറ്റന്നാളും ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസ്സമില്ല.

*******************************************

## ISRAELI FORCES - GAZA-BOUND AID SHIP

കാലാവസ്ഥാ പ്രവർത്തക ഗ്രെറ്റ തുൻബെർഗ് ഉൾപ്പെടയുള്ള അന്താരാഷ്ട്ര സന്നദ്ധപ്രവർത്തകരുമായി ഗാസയിലേക്ക് ദുരിതാശ്വാസ സാമഗ്രികളുമായി തിരിച്ച കപ്പൽ ഇസ്രായേൽ സൈന്യം പിടിച്ചെടുത്തു. മാസങ്ങളായി നീണ്ടുനിൽക്കുന്ന സംഘർഷത്തിന്റെയും ഉപരോധത്തിന്റെയും പശ്ചാത്തലത്തിൽ കടുത്ത ക്ഷാമം നേരിടുന്ന ഗാസയിലേക്ക് മാനുഷിക സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവർ യാത്ര പുറപ്പെട്ടത്.

******************************************

## UAE-YOGA

അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി,

UAE- യിലെ ഇന്ത്യൻ പ്രവാസികൾ രാജ്യത്തുടനീളമുള്ള പ്രമുഖ സ്ഥലങ്ങളിൽ യോഗ സെഷനുകൾ സംഘടിപ്പിക്കും. ക്ഷേമം, മാനസിക സൗഖ്യം, ഐക്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ദുബായിലെയും ഷാർജയിലെയും വിവിധ കേന്ദ്രങ്ങളിലാണ് പരിശീലന സെഷനുകൾ സംഘടിപ്പിക്കുന്നത്. "ഒരു ഭൂമിക്കും, ആരോഗ്യത്തിനും യോഗ എന്നതാണ് ഈ വർഷത്തെ പ്രമേയം.

******************************************

## PM- SURVEY

കഴിഞ്ഞ 11 വർഷത്തെ ഇന്ത്യയുടെ വളർച്ചാ യാത്രയെക്കുറിച്ച് നമോ ആപ്പിലെ സർവേയിൽ പങ്കെടുക്കാൻ ജനങ്ങളോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തെ ഇന്ത്യയുടെ യാത്രയെക്കുറിച്ചുള്ള ജൻ മൻ സർവേയിൽ ഏവർക്കും പങ്കെടുക്കാവുന്ന പോർട്ടലിന്റെ ലിങ്കും ശ്രീ മോദി തന്റെ സമൂഹമാധ്യമ പോസ്റ്റിൽ പങ്കുവച്ചു.

**************************************************************************************

*******************************************************************